(ഡി) ഉണ്ട്.

(സി) സ്പ്രെഡിംഗ് പദ്ധതി (coconut uptaking scheme) കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തു തുടങ്ങിവച്ചതാണ്. തുടർന്നു വരുന്ന എല്ലാ സാമ്പത്തിക വർഷങ്ങളിലും ഈ പദ്ധതിക്കുവേണ്ടി തുക നീക്കിവയ്ക്കുന്നുണ്ട്.

പുറംപോക്കിൽ നിന്നും കുടിയൊഴിപ്പിക്കൽ

363. [30] ശ്രീ. പി. ഭാസ്കരൻ നായർ: തദ്ദേശ സ്വയംഭരണ ചോദ്യങ്ങൾക്ക് ഭൂനിയന്ത്രണമന്ത്രി ദയവായി മറുപടി തരുമോ:

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ അതിർത്തിയിൽ പെട്ട 35-43 ബി. സർവ്വെ നമ്പർ പുറംപോക്കിൽപ്പെട്ടതും, സ്വന്തമായി മറ്റൊരു വീടോ, ഭൂമിയോ ഇല്ലാത്തതുമായ പാവപ്പെട്ട കുടുംബങ്ങളെ കുടിഴിപ്പിക്കുന്നതിനു സർക്കാരിന്റെ വല്ല നടപടികളുമുണ്ടോ, പ്രസ്തുത ഭൂമിക്കുണ്ടോ;

(ബി) പ്രസ്തുത പുറംപോക്കിനോട് ചേർന്നുള്ള വസ്തു ഉടമസ്ഥൻ പുറംപോക്കിലെ സ്വന്തം കൈവശത്തിനുള്ളിലെന്നു കാണിച്ച് ഇപ്പോൾ നടപ്പിലാക്കുവരുന്ന കുടിഴിപ്പിക്കൽ നടപടി നിർത്തിവച്ചിട്ടുണ്ടോ;

(സി) ടി പുറംപോക്കു കയ്യേറ്റത്തിനു നടപടിയെടുത്തു കുടിയിടപ്പിക്കാനല്ലാതെ മറ്റൊരാൾക്കും അവകാശപ്പെട്ടിട്ടില്ലെങ്കിൽ;

(ഡി) ഉണ്ടെങ്കിൽ അങ്ങനെ അവകാശപ്പെടുന്നവർക്ക് സ്വന്തമായി വേറെ ഭൂമിയുണ്ടെങ്കിലോ അവരുടെ അവകാശവാദം പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ഇ) പ്രസ്തുത പുറംപോക്കിൽ നിന്നു കുടിയൊഴിപ്പിക്കുന്നതിൽ നിന്ന് അടിയന്തരമായ നിർദ്ദേശം ചങ്ങനാശ്ശേരിയിലെ വസ്തു ഉടമയ്ക്കു നൽകുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ അതിർത്തിയിലും, പരിസരപ്രദേശത്തിലും 35-43 നമ്പർ സർവ്വെ നമ്പരിൽ വസ്തു ഇല്ല.

(ബി, സി, ഡി, ഇ) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

കനാലുകീനൽ

364. [32] ശ്രീ. തമ്പാൻ തോമസ്: തദ്ദേശ സ്വയംഭരണ ചോദ്യങ്ങൾക്ക് ഭൂനിയന്ത്രണമന്ത്രി ദയവായി മറുപടി പറയുമോ:

(എ) കന്നുകാലികൾ നിരന്തരം വഴിനടന്ന് പ്രദേശത്തുണ്ടാകുന്ന കുഴികൾ കനാലുകളിലേക്കു വീണു ചാടിപ്പോകുവാൻ സാധ്യതയുണ്ടെന്നതിനെ വല്ല പ്രാധാന്യമുണ്ടോ;

(ബി) ഈ സംഗതിയിൽ കന്നുകാലികൾ മുനിസിപ്പാലിറ്റിയിൽ നിന്ന് വല്ലതിനുവേണ്ടിയും ഫീസ് ഈടാക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly